# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 601 — 29-06-2011-ൽ മറുപടിയ്ക്ക്

## മണലൂർ നിയോജകമണ്ഡലത്തിലെ ജലവിഭവ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.എ.മാധവൻ | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലവിഭവ വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ 'മണലൂർ' നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇതിന്റെ എസ്റ്റിമേറ്റ് തുകകൾ എത്ര വീതമെന്നും അറിയിക്കാമോ; | (എ) & (ബി) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തികളുടെ വിവരം അനുബന്ധം 1-ൽ ചേർക്കുന്നു. <br><br> ജലനിധിയുടെ കീഴിൽ നടപ്പിലാക്കി വരുന്ന പ്രവർത്തികളുടെ വിവരം അനുബന്ധം 2-ൽ ചേർക്കുന്നു. <br><br> കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കി വരുന്ന പ്രവർത്തികളുടെ വിവരം അനുബന്ധം 3-ൽ ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും നാളിതു വരെ എത്ര തുക വീതം ചെലവഴിച്ചു വെന്നും അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ

## അനുബന്ധം- 1

ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തികൾ

| | |
|---|---|
| 1) കോലുക്കൽ PWD റോഡ് മുതൽ KLDC കനാലിലുള്ള സ്ലൂയിസ് വരെയും കോലുക്കൽ കൾവെർട്ടിന്റെ മുകളിലുള്ള കോഴിത്തോടിന്റെ പുനരുദ്ധാരണം | 124 ലക്ഷം |
| 2) മണലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തികൾ (മിർപ്പ) | 24.80 ലക്ഷം |
| 3)കരുവന്നൂർ പൊതു കുളത്തിന്റെ പുനരുദ്ധാരണം | 70 ലക്ഷം |
| 4) അരിമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെപുനരുദ്ധാരണ പ്രവർത്തികൾ | 14.50 ലക്ഷം |
| 5) മണലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലിന്റെ-II$^{nd}$ Reach പാർശ്വഭിത്തി സംരക്ഷണ പണികൾ | 14.70 ലക്ഷം |
| 6) മണലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാലിലുള്ള സ്ലൂയിസിന്റെ അറ്റകുറ്റപ്പണികളും പാർശ്വഭിത്തികളുടെ പുനർനിർമ്മാണവും | 2.95 ലക്ഷം |
| 7)അരിമ്പൂർ പഞ്ചായത്തിലെ മനക്കൊടി ചാലക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ജലസ്രോതസ്സായ കുളത്തിന്റെ ആഴം കൂട്ടൽ | 8.25 ലക്ഷം |
| 8) അരിമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ലീഡിങ്ങ് ചാനലിന്റെ സംരക്ഷണ പണികൾ | 5.97 ലക്ഷം |
| 9) കരുവന്നൂർ പുഴയിൽ ഇടിയഞ്ചിറ റെഗുലേറ്ററിന്റെ ഷട്ടറുകളുടെ പുനരുദ്ധാരണവും പുഴയുടെ വശങ്ങൾ കെട്ടലും | 183 ലക്ഷം |
| 10) വടക്കാഞ്ചേരി പുഴയിൽ- പെരുവാൻ ചിറയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | 18.30 ലക്ഷം |
| 11) പാറന്നൂർ ചിറയുടെ പുനരുദ്ധാരണ പ്രവർത്തികൾ | 20.50 ലക്ഷം |
| 12)മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ തോളൂർ ചിറയുടെ നിർമ്മാണം | 53.60 ലക്ഷം |
| 13)പറപ്പൂര് തോട്ടിൽ മണിമ്പാലിൽ സ്ലൂയിസിന്റെ നിർമ്മാണം | 94 ലക്ഷം |
| 14) ഇടിയഞ്ചിറ കനാലിൽ പതിയാ കുളങ്ങരയിൽ സ്ലൂയിസിന്റെ നിർമ്മാണം | 139.50 ലക്ഷം |

| | |
|---|---|
| 1) കോലൂക്കൽ പിഡബ്ല്യൂഡി റോഡ് മുതൽ കെ.എൽ.ഡി.സി കനാലിലുള്ള സ്ളൂയിസ് വരെയും, കോലൂക്കൽ കൾവർട്ടിന്റെ മുകളിലേക്കുള്ള കോഴിത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ | 85% പണി പൂർത്തീകരിച്ചിട്ടുണ്ട്. 68.38 ലക്ഷം രൂപയും ചിലവഴിച്ചു. |
| 2)മണലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണം | പണി നടന്നു വരുന്നു. |
| 3)കരുവന്നൂർ നദീതടത്തിലെ ചിറക്കാപ്പ് പൊതുകുളത്തിന്റെ പുനരുദ്ധാരണം | പണി ആരംഭിച്ചിട്ടില്ല. |
| 4) അരിമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പുനരുദ്ധാരണ പണികൾ | പണി ആരംഭിച്ചിട്ടില്ല. |
| 5) മണലൂർ LIS ന്റെ മെയിൻ കനാലിന്റെ -II[nd] Reach പാർശ്വഭിത്തി സംരക്ഷണ പണികൾ | 75% പണി പൂർത്തീകരിച്ചു. |
| 6) മണലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാലിലുള്ള സ്ളൂയിസിന്റെ അറ്റകുറ്റപണികളും പാർശ്വഭിത്തികളുടെ പുനർനിർമ്മാണവും | പണി ആരംഭിച്ചിട്ടില്ല. |
| 7) അരിമ്പൂർ പഞ്ചായത്തിലെ മനക്കൊടി പാലക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ജലസ്രോതസ്സായ കുളത്തിന്റെ ആഴം കൂട്ടൽ | പണി ആരംഭിച്ചിട്ടില്ല. |
| 8) അരിമ്പൂർ പഞ്ചായത്തിലെ അരിമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ലീഡിങ്ങ് ചാനലിന്റെ സംരക്ഷണ പണികൾ | പണി ആരംഭിച്ചിട്ടില്ല. |
| 9) കരുവന്നൂർ പുഴയിൽ ഇടയഞ്ചിറ റെഗുലേറ്ററിന്റെ ഷട്ടറുകളുടെ പുനരുദ്ധാരണവും പുഴയുടെ വശങ്ങൾ കെട്ടലും | ഷട്ടറിന്റെ പുനരുദ്ധാരണ പണികൾ പൂർത്തിയായി സിവിൽ പ്രവൃത്തികൾക്ക് കരാർ ഒപ്പു വച്ചു. |
| 10) വടക്കാഞ്ചേരി പുഴയിൽ പെരുവാൻ ചിറയുടെ പുനരുദ്ധാരണ പ്രവൃത്തികൾ | പണി പുരോഗമിക്കുന്നു. |
| 11) ) വടക്കാഞ്ചേരി പുഴയിൽ പാറന്നൂർ ചിറയുടെ പുനരുദ്ധാരണ പണികൾ | കരാർ ഒപ്പുവച്ചു. |
| 12) മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ തോളൂർ ചിറയുടെ നിർമ്മാണം | കരാർ ഒപ്പുവച്ചു. |
| 13) പരപ്പുഴ തോട്ടിൽ മണിച്ചാലിൽ സ്ളൂയിസിന്റെ നിർമ്മാണം | കരാർ ഒപ്പുവച്ചു. |
| 14) ഇടിയഞ്ചിറ കനാലിൽപനിയാർ കുളങ്ങരയിൽ സ്ളൂയിസിന്റെ നിർമ്മാണം | പര്യവേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഡിസൈൻ ജോലികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

## ജലനിധിയുടെ കീഴിൽ മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തികൾ

മണലൂർ നിയോജകമണ്ഡലത്തിൽ ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ ഒന്നാം ബാച്ചിൽ എലവള്ളി ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ട്. പ്രീ പ്ലാനിംഗ് നടപടികൾ പൂർത്തീകരിച്ചു വരുന്നു. ആസൂത്രണ ഘട്ടം 12 മാസമാണ്. ഈ ഘട്ടം പൂർത്തിയാകുമ്പോൾ മാത്രമേ കൃത്യമായ എസ്റ്റിമേറ്റ് തുക അറിയുവാൻ കഴിയുകയുള്ളൂ. പഞ്ചായത്തിൽ കുടിവെള്ള പദ്ധതികൾ, ഭൂജല സംവർദ്ധന പ്രവർത്തനങ്ങൾ, പരിസര ശുചീകരണത്തിനുള്ള ഭൗതിക സംവിധാനങ്ങൾ, ഗ്രാമപഞ്ചായത്ത് ശാക്തീകരണം, ആരോഗ്യ ശുചിത്വ സന്ദേശ പ്രചരണം, ഗ്രാമപഞ്ചായത്തിന്റേയും ഗുണഭോക്താക്കളുടെയും ശേഷി വർദ്ധിപ്പിക്കൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കും. ഏകദേശം 24 മാസം (ആസൂത്രണമുൾപ്പെടെ) കൊണ്ട് പദ്ധതി പൂർത്തിയാക്കും. എന്നിരുന്നാലും ഏകദേശം 2 മുതൽ 2.5 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ ഒരു പഞ്ചായത്തിൽ നടപ്പിലാക്കാൻ സാധിക്കുന്നതാണ്. പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം-3

## കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തികൾ

1) മണലൂർ -കാരമുക്ക് ശുദ്ധജല വിതരണ പദ്ധതി

എസ്റ്റിമേറ്റ് തുക- 585 ലക്ഷം രൂപ

2) ടെക്നോളജി മിഷൻ-വെങ്കിടങ്ങ് പദ്ധതി എസ്റ്റിമേറ്റ് തുക-390 ലക്ഷം രൂപ।

3) സാർക്ക്-ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി മണലൂർ -കാരമുക്ക് -ഗ്രാവിറ്റി മെയിൻ എസ്റ്റിമേറ്റ് തുക-541 ലക്ഷം രൂപ

മേൽ പറഞ്ഞ പദ്ധതികളുടെ പ്രവർത്തന പുരോഗതിയും ചെലവായ തുകയും താഴെ ചേർക്കുന്നു.

1) മണലൂർ -കാരമുക്ക് ശുദ്ധജല വിതരണ പദ്ധതി:- പമ്പിംഗ് മെയിനിലെ 3 കനാൽ ക്രോസിംഗ് ഒഴികെയുള്ള എല്ലാ പണികളും പൂർത്തിയായി. കനാൽ ക്രോസിംഗ് പണികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി ഇതുവരെ 444.63 ലക്ഷം രൂപ ചെലവായിട്ടുണ്ട്. പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് സാർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പണികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

2) ടെക്നോളജി മിഷൻ-വെങ്കിടങ്ങ് പദ്ധതി:-ഒ.എച്ച് ടാങ്ക്, പമ്പിംഗ് മെയിൻ എന്നിവ പൂർണ്ണമായും വിതരണ ശൃംഖല ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖലയിൽ ടാപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്യുവാനുണ്ട്. പ്രസ്തുത പദ്ധതിക്കായി ഇതുവരെ 381.48 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്. മേൽപ്പറഞ്ഞ 1,2 പദ്ധതികൾക്ക് പൊതുഘടകമായുള്ള ഗ്രാവിറ്റി മെയിൻ ( സാർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെമ്പ്കാവ് മുതൽ ഒളരി വരെയുള്ള ഗ്രാവിറ്റി മെയിൻ) പൂർത്തീകരിച്ചാൽ മാത്രമേ വെങ്കിടങ്ങ് പദ്ധതി കമ്മീഷൻ ചെയ്യാനാകൂ.

3) സാർക്ക് -മണലൂർ -കാരമുക്ക് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി :- പ്രസ്തുത പദ്ധതിയിൽപ്പെടുത്തിയ ചെമ്പ്കാവ് മുതൽ ഒളരി ടാങ്ക് വരെ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ തുടങ്ങിയവയ്ക്ക് വേണ്ടി സാർക്ക് ധനസഹായത്തിൽപ്പെടുത്തി 541 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ